# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 54

29/11/2018 ൽ മറുപടിക്ക്

<u>ശബരിമലയിൽ യുവതീ പ്രവേശവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം</u>

ചോദ്യം

ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.കെ.മുരളീധരൻ
ശ്രീ.സണ്ണി ജോസഫ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ യുവതീ പ്രവേശനത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം സുപ്രീം കോടതി വിധിയിലൂടെ എടുത്തുകളഞ്ഞ നടപടി മൂലം ഉളവായിട്ടുള്ള പ്രത്യേക സാഹചര്യം സർക്കാരും ദേവസ്വം ബോർഡും വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതുസംബന്ധിച്ച സുപ്രീംകോടതിയിലെ കേസിൽ ദേവസ്വം ബോർഡ് എന്ത് നിലപാടായിരുന്നു സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ശബരിമലയിൽ യുവതീ പ്രവേശനം അനവദിക്കരുതെന്ന നിലപാടാണ് ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ളത് . |
| (സി) | നേരത്തെയുള്ള കോടതി വിധികൾ നടപ്പിലാക്കുന്ന കാര്യത്തിൽ കാണിക്കാത്ത താല്പര്യമാണ് ശബരിമല കോടതി വിധി നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരും ബോർഡും കാണിച്ചതെന്നും ഇതുസംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ടും മന്ത്രിമാരും നടത്തിയ പ്രസ്താവനകളാണ് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയതെന്നുമുള്ള ആക്ഷേപ ങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുമോ; | (സി) | ബഹു.സുപ്രീം കോടതി വിധി രാജ്യത്തെ നിയമമായതിനാൽ ഭരണഘടനാ സ്ഥാപനങ്ങളെന്ന നിലയ്ക്ക് സർക്കാരിനും ദേവസ്വം ബോർഡിനും അത് അംഗീകരിക്കാതിരിക്കാൻ കഴിയില്ല എന്നും കോടതി വിധി നടപ്പാക്കാനെ കഴിയൂ എന്നുമുള്ള വസ്തുത മാത്രമെ സർക്കാരും ദേവസ്വം ബോർഡും വ്യക്തമാക്കിയിട്ടുള്ളൂ. പ്രശ്നം സങ്കീർണ്ണമാക്കുന്ന തരത്തിലുള്ള യാതൊരു നടപടികളും സർക്കാരിന്റെയോ ദേവസ്വം ബോർഡിന്റെയോ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. |
| (ഡി) | ചർച്ചകളിലൂടെ പ്രസ്തുത വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | വിഷയം രമ്യമായി പരിഹരിക്കുന്നതിനും ശബരിമലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും സുപ്രീം കോടതി വിധി സർക്കാർ നിലപാട് മൂലമുണ്ടായതാണെന്ന തെറ്റിദ്ധാരണമാറ്റുന്നതിനും സർവ്വകക്ഷിയോഗം ഉൾപ്പെടെ വിവിധ തലങ്ങളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ